FRIDAY 07.06.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/06/2024

1. കേരളത്തിലെ കർഷകർക്ക് മികച്ചയിനം നെൽവിത്തുകൾ ലഭ്യമാക്കുന്നതിൽ തടസമില്ലെന്ന് കൃഷിവകുപ്പ്. വരുന്ന ജൂൺ മാസത്തിൽ ആരംഭിക്കുന്ന വിരിപ്പ് സീസണിലേക്കായി മികച്ച ഗുണമേന്മയുള്ള നെൽവിത്തുകൾ കൃഷിഭവനിലൂടെ വിതരണം ചെയ്യുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായി. കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി, സ്റ്റേറ്റ് സീഡ് ഫാമുകൾ, കാർഷിക സർവകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള വിവിധ സംസ്ഥാന സ്ഥാപനങ്ങളും ഈ വിതരണ പ്രക്രിയയിൽ സജീവമായി പങ്കുചേരുന്നു. ഉമ, ജ്യോതി, മട്ടത്രിവേണി, മനുരത്ന, കുഞ്ഞുകുഞ്ഞ് എന്നീ നെല്ലിനങ്ങളാണ് വിതരണത്തിനായി ഒരുക്കിയിരിക്കുന്നത്. സംസ്ഥാനത്തുടനീളം കർഷകർക്ക് ആവശ്യമുള്ള നെൽവിത്തുകൾ കൃഷിഭവനുകൾ മുഖേന എത്തിക്കാനുള്ള ക്രമീകരണങ്ങൾ കൃഷിവകുപ്പ് എടുത്തിട്ടുണ്ടെന്നും അധികാരികൾ അറിയിച്ചു.

2. നാളികേര വികസന കൗൺസിൽ വയനാട് ജില്ലയിൽ തെങ്ങിൻ തൈകളുടെ വിതരണം ആരംഭിച്ചതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ബത്തേരി, മാനന്തവാടി ബ്ലോക്കുകളിലെ കൃഷിഭവനുകളിൽ തൈ വിതരണം ആരംഭിച്ചു. നാളികേര വികസന കൗൺസിൽ 50 ശതമാനം സബ്സ്ഡി നിരക്കിലാണ് തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നത്. നെടിയ ഇനം തെങ്ങിൻ തൈകൾക്ക് 50 രൂപയും ഹൈബ്രിഡിന് 125 രൂപയുമാണ് ഗുണഭോക്തൃ വിഹിതമായി അടക്കേണ്ടത്. ജില്ലയിൽ ആകെ 31800 നെടിയ ഇനം തെങ്ങിൻ തൈകളും 5000 ഹൈബ്രിഡ് തെങ്ങിൻ തൈകളുമാണ് വിതരണം ചെയ്യുന്നത്. ജില്ലയിലെ എല്ലാ കൃഷിഭവനുകളിലും ജൂൺ 30 ഓടെ തൈ വിതരണം പൂർത്തിയാകും. ആവശ്യമുള്ളവർ കൃഷിഭവനുകളുമായി ബന്ധപ്പെടണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

3. കേരള കാർഷിക സർവകലാശാല ഇ-പഠന കേന്ദ്രം **"ഹൈടെക് കൃഷി"** എന്ന വിഷയത്തിൽ സൗജന്യ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) സംഘടിപ്പിക്കുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂൺ 20. രജിസ്റ്റർ ചെയ്യുന്നതിനായി www.celkau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ, celkau@gmail.in എന്ന ഇമെയിൽ വിലാസത്തിലോ 8547837256, 9497353389, 0487 2438567

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്രവിഭാഗത്തിൽ ഒരു കൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ കൂർക്ക തലകൾ വിൽപനക്ക് തയ്യാറായിട്ടുണ്ട്. വിൽപന സമയം രാവിലെ 9:00 മണി മുതൽ 4:00 മണി വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കേരളത്തിലെ നാളികേര കർഷകർക്കും, സംരംഭകർക്കും തെങ്ങു കയറ്റത്തിനും മറ്റ് കേര സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി പരിശീലനം ലഭിച്ച തെങ്ങ് കയറ്റക്കാരെ ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് പ്രവർത്തന സമയം. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്

**പരിശീലന പരിപാടി**

6. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ പൂക്കോട് വെറ്ററിനറി കോളേജ് മൃഗപ്രത്യുല്പാദന-പ്രസവചികിത്സാവിഭാഗം 2024 മാർച്ച് മുതൽ

ജൂലൈ വരെ മൂന്ന് ബാച്ചുകളിലായി **ആടുകളിലെ കൃത്രിമബീജാധാനം** (Artificial Insemination in Goats) എന്ന വിഷയത്തിൽ രണ്ടുദിവസത്തെ ശാസ്ത്രീയ-പ്രായോഗിക പരിശീലനം നടത്തുന്നു. യൂണിവേഴ്സിറ്റിയുടെ വയനാടുള്ള പൂക്കോട് സെന്ററിൽ വെച്ചായിരിക്കും പരിശീലനം. ഓരോ ബാച്ചിലും 10 പേർക്കാണ് പ്രവേശനം. പശുക്കളിലെ കൃത്രിമബീജാധാനത്തിൽ പരിശീലനം ലഭിച്ചവർക്കാണ് ഈ പ്രായോഗിക പരിശീലനം നൽകുക. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 7909292304 എന്ന ഫോൺ നമ്പറിലോ അല്ലെങ്കിൽ lekshmibhai@kvasu.ac.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**7. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ; മഴക്കാലത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. കൃഷിയിടങ്ങളിൽ വേണ്ടത്ര നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിർത്താതിരിക്കുക.

കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി രണ്ടു കിലോ ട്രൈക്കോഡർമ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**നെല്ലിലെ മഗ്നീഷ്യത്തിൻ്റെ അഭാവം നിയന്ത്രിക്കാൻ**

നെല്ലിൽ മഗ്നിഷ്യത്തിൻ്റെ അഭാവം വന്നാൽ മൂത്തയിലകളുടെ ഞരമ്പുകൾക്കിടയിൽ ഓറഞ്ചു -മഞ്ഞ നിറമാകുന്നു. ക്രമേണ ഇലകൾ കരിഞ്ഞുപോകുന്നു. ഇതാണ് പ്രധാനലക്ഷണം. ഇതു നിയന്ത്രിക്കാനായി മഗ്നീഷ്യം സൽഫേറ്റ് 40 കി.ഗ്രാം 1 ഏക്കറിന് എന്ന തോതിൽ പാടത്ത് വിതറിക്കൊടുക്കുക. ഡോളോമെറ് ഉപയോഗിക്കുന്നത് മഗ്നിഷ്യത്തിന്റെ അഭാവം പരിഹരിക്കാൻക്കൂടി സഹാരിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം